**<u>തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം</u>**

(ഹാജർ : Seeram Sambasiva Rao IAS )

<u>സംഗ്രഹം</u>

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്–അരൂർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയെ നിയമിക്കുന്നത് സംബന്ധിച്ച്. - ഉത്തരവ്.

പരാമർശം: 1) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 13.10.2024 തീയതിയിലെ LSGD/PD/35190/2024-DEA3 നമ്പർ നടപടിക്രമം

**<u>ഉത്തരവ് നമ്പർ LSGD/PD/41712/2024-DEA3 തീയതി: 09-12-2024</u>**

ആലപ്പുഴ ജില്ലയിലെ അരൂർ ഗ്രാമപഞ്ചായത്ത് തീരദേശ പഞ്ചായത്ത് ആയതുകൊണ്ടും സാധാരണക്കാർ ഏറെ ബുദ്ധിമുട്ടുന്ന പഞ്ചായത്ത് ആയതിനാലും ഭരണസമിതിയുടെ നാല് വർഷം പൂർത്തിയായിട്ടും ഒരു മുഴുവൻ സമയ സെക്രട്ടറിയുടെ സേവനം ടി പഞ്ചായത്തിൽ ലഭ്യമായിട്ടില്ലാത്തതിനാലും ഭരണസമിതിയുടെ അവസാന വർഷത്തിൽ ഒരു സെക്രട്ടറിയുടെ സേവനം അനിവാര്യമാണ് എന്നതിനാൽ പരാമർശം (1) പ്രകാരം അരൂർ ഗ്രാമ പഞ്ചായത്തിൽ ശ്രീ അബു ആർ നെ സെക്രട്ടറി തസ്തികയിൽ നിയമിച്ചിരുന്നു. എന്നാൽ ടിയാൻ നാളിതുവരെ ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതാണ് .

മേൽ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ ഇരിമ്പിലിയം ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി ആയ ശ്രീമതി സിന്ധു ഈശ്വരനെ അരൂർ ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറി തസ്തികയിൽ നിയമിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടർമാരും അതാത് ഓഫീസ് മേധാവികളും ഈ ഉത്തരവ് പ്രാബല്യത്തിൽ വരുത്തി വിടുതൽ, സേവനത്തിൽ പ്രവേശിക്കൽ എന്നിവ സമയബന്ധിതമായി ഈ കാര്യാലയത്തിലും ബന്ധപ്പെട്ട മറ്റു ഓഫീസുകളിലും അറിയിക്കേണ്ടതുമാണ്.

Seeram Sambasiva Rao IAS
PRINCIPAL DIRECTOR

പകർപ്പ്:
1. വ്യക്തിയ്ക്ക് (തദ്ദേശസ്വയംഭരണ വകുപ്പ്, മലപ്പുറം ജില്ല ജോയിന്റ് ഡയറക്ടർ മുഖാന്തിരം
2. തദ്ദേശസ്വയംഭരണ വകുപ്പ് ജില്ല ജോയിന്റ് ഡയറക്ടര് ആലപ്പുഴ , മലപ്പുറം.
3. ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് (ജില്ല ജോയിന്റ് ഡയറം മുഖേന).
4. സൂപ്രണ്ട് DED സെക്ഷൻ വിവരാവകാശ നിയമം 2005 പ്രകാരം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Ajith Kumar M P
Date: 10-12-2024 10:48:46